ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളെ പറ്റി നീതിയുക്തമായ അന്വേഷണം നടത്താൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

**President Draupadi Murmu said that the central government is committed to conducting a fair investigation into the incidents related to the conduct of the examination. The President addressed the joint session of the Parliament.**

2) കേന്ദ്രമന്ത്രിസഭയിലെ അംഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉപരിസഭയിൽ അവതരിപ്പിച്ചു. പ്രതിപക്ഷ നേതാക്കൾ ലോക്സഭാ സ്പീക്കർ ഓം ബിർളയുമായി പാർലമെന്റ് ഹൗസിൽ കൂടികാഴ്ച നടത്തി.

**Prime Minister Narendra Modi introduced the members of the Union Cabinet in the Upper House. Opposition leaders held a meeting with Lok Sabha Speaker Om Birla at Parliament House.**

3) നീറ്റ്- യുജി പരീക്ഷയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് രണ്ട് പേരെ സിബിഐ ബിഹാറിൽ അറസ്റ്റ് ചെയ്തു.

**The Central Bureau of Investigation (CBI) arrested two persons in connection with the alleged irregularities in the NEET-UG exam.**

4) **കേരളത്തിൽ കാലവർഷം ശക്തം ; മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം- കർണ്ണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**Strong monsoons in Kerala; Orange alert in three districts today. Prohibition on fishing in Kerala-Karnataka-Lakshadweep coasts.**

5). **ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ട് പോരാട്ടം അൽപ്പ സമയത്തിനകം.**

**India vs England in Men's Twenty-20 World Cup Cricket Semi-Finals shortly.**

==========================================

**PRESIDENT- (INTRO)**

രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിൻറെ ഇരുസഭകളേയും അഭിസംബോധന ചെയ്തു.പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സമീപകാലത്തുണ്ടായ സംഭവങ്ങളെ പറ്റി നീതിയുക്തമായ അന്വേഷണത്തിനും, കുറ്റവാളികൾക്ക് കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

**വിശദാംശങ്ങളിലേക്ക്.....**

**(VOICE.........)**

മത്സര പരീക്ഷകളായാലും സർക്കാർ നിയമനങ്ങളാലും തടസ്സരഹിതമായും സുതാര്യമായും നടത്തണമെന്ന് രാഷ്ട്രപതി . കഴിഞ്ഞ 10 വർഷത്തിനിടെ എൻ ഡിഎ സർക്കാർ രാജ്യത്ത് മികച്ച രീതിയിലുള്ള വികസനം കൊണ്ടുവന്നെന്ന് പറഞ്ഞ രാഷ്ട്രപതി ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യയെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് പറഞ്ഞു.

ദൂരവ്യാപകമായ നയങ്ങളുടെയും , ഭാവി കാഴ്ചപ്പാടുകളുടെയും പരിഷ്കാരങ്ങളുടെയും ഫലപ്രദമായ രേഖയായിരിക്കും വരുന്ന പൊതുബജറ്റ് എന്നും രാഷ്ട്രപതി വിശ്വാസം പ്രകടിപ്പിച്ചു. ഉത്പാദനം, സേവനങ്ങൾ, കൃഷി എന്നിവയ്ക്ക് കേന്ദ്രം തുല്യ പ്രാധാന്യം

നൽകുന്നുണ്ടെന്നും ഐടി മുതൽ ടൂറിസം വരെയും ആരോഗ്യരംഗത്തും  രാജ്യം മുന്നിട്ടു നിൽക്കുകയാണെന്നും രാഷട്രപതി അഭിപ്രായപ്പെട്ടു .  തൊഴിലിനും സ്വയം തൊഴിലിനുമായി ധാരാളം പുതിയ അവസരങ്ങൾ രാജ്യത്ത്  സൃഷ്ടിക്കുന്നുണ്ട്, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സർക്കാർ സംരംഭങ്ങളും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. കാർഷിക മേഖലയ്ക്ക് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള  മുൻഗണന ശ്രീമതി മുർമ്മു സഭയിൽ പട്ടികപ്പെടുത്തി. തിരഞ്ഞെടുപ്പിലെ വനിതാ പങ്കാളിത്തം ശ്രദ്ധേയമെന്ന് അഭിപ്രായപ്പെട്ട രാഷ്ട്രപതി കഴിഞ്ഞ10 വർഷത്തിനിടെ,  പ്രധാനമന്ത്രി ആവാസ് പദ്ധതിപ്രകാരം നാല് കോടി  വീടുകളിൽ നൽകിയതിൽ ഭൂരിഭാഗവും സ്ത്രീകൾക്കാണെന്ന് പറഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, വിനോദസഞ്ചാരം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും രാജ്യം മുന്നേറുകയാണ് .വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ വികസനത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെ ഏറെ നേട്ടം കൈവരിച്ചതായി രാഷ്ട്രപതി നിരീക്ഷിച്ചു.

==========================================

**PAR-PROCEEDING**

പാർലമെൻ്ററിൻ്ററെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ പ്രസംഗത്തിൻ്റെ പകർപ്പ് ഇന്ന് ലോക്സഭയുടെ മേശപ്പുറത്ത് വച്ചു. രാഷ്ട്രപതിയുടെ പ്രസംഗത്തിന് ശേഷം ഇന്ന് ഉച്ചയ്ക്ക് സഭ സമ്മേളിച്ചപ്പോഴാണ് പകർപ്പ് സഭയുടെ മേശപ്പുറത്ത് വച്ചത്. കോൺഗ്രസ് എംപി രാഹുൽ ഗാന്ധിയെ ലോക്സഭയിലെ പ്രതിപക്ഷ നേതാവായി അംഗീകരിച്ചതായി സ്പീക്കർ ഓം ബിർള അറിയിച്ചു. തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിലും രാഷ്ട്രപതിയുടെ പ്രസംഗത്തിൻ്റെ പകർപ്പ് അവതരിപ്പിച്ചു. പുതുതായി രൂപീകരിച്ച കേന്ദ്രമന്ത്രിസഭയിലെ അംഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉപരിസഭയിൽ പരിചയപ്പെടുത്തി. തുടർന്ന് രാജ്യ സഭയും ഇന്നത്തേക്ക് പിരിഞ്ഞു.

==========================================

## NEW OATH- MPs

ബിഹാർ, ജാർഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആറ് എംപിമാർ ഇന്ന് രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ ഇവർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. കോൺഗ്രസ് എംപി അഖിലേഷ് പ്രസാദ് സിംഗ്, ജെ എം എമ്മിലെ സർഫറാസ് അഹമ്മദ്, ബിജെപിയുടെ പ്രദീപ് കുമാർ വർമ്മ, ബൻഷിലാൽ ഗുർജാർ, മായ നരോലിയ, ബാലയോഗി ഉമേഷ് നാഥ് എന്നിവരാണ് രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തത് .

==========================================

## OM BIRLA- OPPOSITION MEET

പ്രതിപക്ഷ നേതാക്കൾ ലോക്സഭാ സ്പീക്കർ ഓം ബിർളയുമായി പാർലമെൻ്റ് ഹൗസിൽ കൂടികാഴ്ച നടത്തി. കോൺഗ്രസ് നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി, ടിഎംസി എം പി കല്യാൺ ബാനർജി, എൻസിപി ശരദ് പവാർ എം പി സുപ്രിയ സുലെ, സമാജ്‌വാദി പാർട്ടിയുടെ ഡിംപിൾ യാദവ്, ആർജെഡിയുടെ മിസാ ഭാരതി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

==========================================

## CBI- NEET ARREST

നീറ്റ്- യുജി പരീക്ഷയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് രണ്ട് പേരെ സിബിഐ അറസ്റ്റ് ചെയ്തു. ബിഹാറിലെ പട്നയിൽ നിന്നാണ് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തതെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. നീറ്റ്-യുജി പേപ്പർ ചോർച്ച കേസിൻ്റെ അന്വേഷണം ഔദ്യോഗികമായി ഏറ്റെടുത്ത സിബിഐ തിങ്കളാഴ്ച ബിഹാർ പോലീസിൻ്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗത്തിൻ്റെ

ഓഫീസ് സന്ദർശിച്ച് ഇതുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചിരുന്നു.

==========================================

## PAUL- ONE HEALTH CONSULTATION

രാജ്യത്തെ വൺ ഹെൽത്ത് പദ്ധതി പ്രവർത്തനങ്ങളുടെ നിയമപരമായ സാധുതകൾ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ശിൽപശാല ന്യൂഡൽഹിയിൽ ആരംഭിച്ചു. നിതി ആയോഗ് അംഗം ഡോ. വി.കെ. പോൾ പരിപാടി ഉദ്ഘാടനം ചെയ്തു. മനുഷ്യരുടെയും മൃഗങ്ങളുടെയും പാരിസ്ഥിതിക വ്യവസ്ഥയുടെയും ആരോഗ്യം സുസ്ഥിരമായി സന്തുലിതമാക്കാൻ ലക്ഷ്യമിടുന്ന ഒരു സംയോജിത, ഏകീകൃത പദ്ധതിയാണ് വൺ ഹെൽത്ത്. നിയമ-നീതി മന്ത്രാലയം , പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, എന്നിവയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും യുഎൻഡിപി ഇന്ത്യയുടെ പ്രതിനിധി ഇസബെല്ലെ ഷാൻ,എന്നിവരും രണ്ടു ദിവസത്തെ ശിൽപശാലയിൽ പങ്കെടുക്കുന്നുണ്ട്.

==========================================

## US-PAK RESOLUTION

പാകിസ്ഥാനിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജനാധിപത്യവും മനുഷ്യാവകാശങ്ങളും ഹനിക്കപ്പെട്ടു എന്ന് ആരോപിച്ച് യു.എസ് ജനപ്രതിനിധി സഭ ഉഭയകക്ഷി പ്രമേയം പാസാക്കുകയും സമഗ്രവും സ്വതന്ത്രവുമായ അന്വേഷണം ആവശ്യപ്പെടുകയും ചെയ്തു. പാക്കിസ്ഥാനിലെ ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും പിന്തുണ പ്രഖ്യാപിക്കുന്ന പ്രമേയം സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിൻ്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. അതേസമയം,പാകിസ്ഥാനിലെ രാഷ്ട്രീയ സാഹചര്യത്തെയും തിരഞ്ഞെടുപ്പ് പ്രക്രിയയെയും കുറിച്ചുള്ള അപൂർണ്ണമായ ധാരണയാണ് പ്രമേയത്തിന്

അടിസ്ഥാനമായതെന്ന്  വിഷയത്തിൽ പ്രതികരിച്ച പാകിസ്ഥാൻ പ്രതിരോധ മന്ത്രി പറഞ്ഞു .

========================================

**TRILATERAL EXERCISE**

അമേരിക്ക, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങളുടെ ആദ്യ സംയുക്ത സൈനിക അഭ്യാസത്തിന് ദക്ഷിണ കൊറിയൻ ദ്വീപായ ജെജുവിൽ തുടക്കമായി. 'ഫ്രീഡം എഡ്ജ്' എന്ന പേരിൽ നടക്കുന്ന അഭ്യാസം മറ്റെന്നാൾ അവസാനിക്കും. റഷ്യയുമായുള്ള ഉത്തരകൊറിയയുടെ സഹകരണം ശക്തമായതിൻറെ പശ്ചാത്തലത്തിലാണ് ഈ സംയുക്ത അഭ്യാസം എന്നത് ശ്രദ്ധേയമാണ്. മേഖലയിലെ പ്രതിരോധ നിരീക്ഷണ സംവിധാനങ്ങളുടെ പരിശീലനവും സംയുക്ത അഭ്യാസത്തിൽ ഉണ്ടാകും.

========================================

**KENYA PROTESTS**

രാജ്യവ്യാപക പ്രതിഷേധത്തിന് കാരണമായ ധനകാര്യ ബിൽ പിൻവലിക്കുമെന്ന് കെനിയൻ പ്രസിഡൻ്റ് വില്യം റൂട്ടോ .വിവിധ ഇനങ്ങളുടെ നികുതി വർധന ലക്ഷ്യമിടുന്ന ബിൽ, ജനങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ വഷളാക്കുമെന്ന് കണ്ടെത്തിയാണ് തീരുമാനം. ബില്ലിൽ ഒപ്പിടാൻ വിസമ്മതിച്ച രാഷ്ട്രപതി ,ഭേദഗതികൾക്കായി ബിൽ പാർലമെൻ്റിലേക്ക് അയച്ചു. പ്രതിഷേധത്തെ തുടർന്നു, കെനിയയിൽ ഇതുവരെ 22 പേർ കൊല്ലപ്പെട്ടതായി പോലീസ് അറിയിച്ചു.

========================================

**RAIN KERALA**

കേരളത്തിൽ തുടരുന്ന കനത്ത മഴയിൽ വ്യാപകനാശം. തീരമേഖലകളിൽ കടലാക്രമണം രൂക്ഷമായി. മലയോര

മേഖലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു. ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട മുതൽ കോഴിക്കോട് വരെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരളം- ലക്ഷദ്വീപ് , കർണ്ണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി. അതേസമയം കനത്ത മഴയെത്തുടർന്ന് ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം , കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിൽ ദേശീയ ദുരന്ത നിവാരണസേനയെ വിന്യസിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് ഒരു കോടി രൂപവീതം അനുവദിച്ചു.

==========================================

**T 20 CRICKET**

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ന് ഇന്ത്യ-ഇംഗ്ലണ്ട് പോരാട്ടം. രാത്രി എട്ടിന് ഗയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം .ഇതുവരെ ഒരു മത്സരം പോലും തോൽക്കാതെ ടൂർണമെൻ്റിലുടനീളം മികച്ച ഫോമിലാണ് ടീം ഇന്ത്യ. മത്സരം ഇരു ടീമുകൾക്കും നിർണായകമാണെങ്കിലും മഴ മത്സരത്തെ ബാധിച്ചേക്കും എന്ന ആശങ്കയിലാണ് ക്രിക്കറ്റ് ലോകം. രാവിലെ നടന്ന ഒന്നാം സെമിയിൽ അഫ്ഗാനിസ്ഥാനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക ഫൈനലിൽ കടന്നു.

==========================================

**NIYAMASABHA WALK OUT**

കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. പദ്ധതി വിഹിതം യഥാ സമയം ലഭിക്കാത്തത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്, പ്രതിപക്ഷത്ത് നിന്ന് ടി സിദ്ദിഖ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. സാമ്പത്തിക പ്രയാസം മൂലമാണ് സ്വാഭാവികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്ന് മന്ത്രി എം ബി രാജേഷ് മറുപടിയായി പറഞ്ഞു. മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

==========================================

**O R KELU**

പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടെയുള്ള സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന പിന്നാക്ക വിഭാഗ കമീഷനെ ചുമതലപ്പെടുത്തുന്നത് പരിശോധിക്കുമെന്ന് മന്ത്രി ഒ ആർ കേളു. നിയമസഭയിൽ പ്രമോദ് നാരായൺ എം എൽ എയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പട്ടികജാതി വിഭാഗക്കാരുടേതിന് സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നേരിടുന്നതിനാൽ പരിവർത്തിത ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഈ വിഭാഗക്കാരെ OEC പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും സർക്കാർ സർവ്വീസിലേക്കുള്ള സംവരണവും അനുവദിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.

=========================================

## PM-KEMPEGOWDA

ബാംഗളൂർ നഗരത്തിന്റെ സ്ഥാപകനും വിജയനഗര സാമ്രാജ്യത്തിലെ ഗവർണറുമായിരുന്ന നാദപ്രഭു കെമ്പഗൗഡയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. ദീർഘവീക്ഷണത്തിനും ഭരണനൈപുണ്യത്തിനും പേരുകേട്ട ദാർശനികനായിരുന്നു കെമ്പഗൗഡയെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

=========================================

## L. K. ADVANI- DISCHARGED

മുതിർന്ന ബിജെപി നേതാവ് ലാൽ കൃഷ്ണ അദ്വാനിയെ ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നിന്ന് ഇന്ന് ഡിസ്ചാർജ് ചെയ്തു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെ രാത്രിയാണ് 96-കാരനായ ശ്രീ അദ്വാനിയെ എയിംസിൽ പ്രവേശിപ്പിച്ചത്.

=========================================

=====================

=========